## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 300 01.12.2014 ന് മറുപടിയ്ക്ക്

### നെല്ലിയാമ്പതിയിലെ മീരാ ഫ്ലോർസ് എസ്റ്റേറ്റിനെതിരായുള്ള സി.ബി.ഐ അന്വേഷണ റിപ്പോർട്ട്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) നെല്ലിയാമ്പതിയിലെ മീരാ ഫ്ലോർസ് എസ്റ്റേറ്റിനെതിരായുള്ള സി.ബി.ഐ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ വിശദമാക്കാമോ; | (എ), (ബി) & (സി) | സി.ബി.ഐ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത എസ്റ്റേറ്റ് അധികൃതർ ഭൂമി പണയപ്പെടുത്തി വായ്പ എടുത്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ ഏതെല്ലാം സ്ഥാപനത്തിൽ നിന്ന് എന്ത് തുക വീതം; | | |
| (സി) സി.ബി.ഐ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ; | | |
| (ഡി) നിയമവിരുദ്ധമായി ഭൂമി പണയപ്പെടുത്തിയ തോട്ടം ഉടമകൾ ആരൊക്കെയായിരുന്നു; ആർക്കെല്ലാം എതിരെ അന്വേഷണം നടക്കുകയുണ്ടായി; ഏതെല്ലാം കേസുകൾ സി.ബി. ഐ ക്ക് വിട്ടിട്ടുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ ? | (ഡി) | ലഭ്യമായ രേഖകൾ പ്രകാരം നിയമവിരുദ്ധമായി ഭൂമി പണയപ്പെടുത്തിയതുമായി ബന്ധപ്പെട്ട് നെല്ലിയാമ്പതി റെയിഞ്ചിലെ മീരാ ഫ്ലോർസ്, ചെറുനെല്ലി. കാരപ്പാറ -എ, ബ്രൂക്ക് ലാന്റ് എന്നീ തോട്ടമുടമകൾക്കും, കൊല്ലങ്കോട് റെയിഞ്ചിലെ സ്മിതാ മൗണ്ട് എസ്റ്റേറ്റ്, ലക്ഷ്മി എസ്റ്റേറ്റ് എന്നിവയുടെ ഉടമകൾക്കു-മെതിരെയും,നെല്ലിയാമ്പതി റെയിഞ്ചിലെ വി.കെ.ടി പ്രൈവറ്റ് ലിമിറ്റഡ് (ചന്ദ്രമല) , എ.വി. റ്റി മണലാരു ഗ്രൂപ്പ് എന്നിവർക്കെതിരെയും പടഗിരി |

..............2)

പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത യഥാക്രമം 5/12, 6/12, 7/12, 8/12, 9/12, 10/12, 418/13, 419/13 എന്നീ കേസുകൾ സി.ബി.ഐ-യ്ക്ക് കൈമാറിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിൽ 5/12, 6/12, 7/12, 8/12, 9/12, 10/12 എന്നീ കേസുകൾ സി.ബി. ഐ യ്ക്ക് കൈമാറിക്കൊണ്ട് കേന്ദ്ര സർക്കാരും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 418/13, 419/13 എന്നീ കേസുകൾ മുകളിൽ പരാമർശിച്ച കേസുകളോട് സമാന സ്വഭാവമുള്ള-തായതിനാൽ സി.ബി.ഐ-യ്ക്ക് ഏറ്റെടുക്കാൻ കഴിയില്ലെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ